## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1299

3.12.2015 - ൽ മറുപടിയ്ക്ക്

## കയർ മേഖലയിലെ ചകിരി ക്ഷാമം

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ മേഖലയിലെ ചകിരിക്ഷാമം കയർവ്യവസായത്തിന് പ്രതികൂലമായ വസ്തുതയാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; | എ) കയർ മേഖലയിലെ ചകിരിക്ഷാമം കയർവ്യവസായത്തിന് പ്രതികൂലമായ വസ്തുതയാണെന്ന വിലയിരുത്തലിന്റെ ഭാഗമായിട്ടാണ് ചകിരി സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുവാൻ ഉതകുമാറ് 'തൊണ്ട് **സംഭരണവും ചകിരി ഉല്പാദനവും'** എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കിവരുന്നത്. |
| ബി) ചകിരി ഉൽപ്പാദനത്തിനായി പച്ചത്തൊണ്ടു തല്ലുന്നതിനുള്ള എത്ര യന്ത്രം വിതരണം ചെയ്തിട്ടുണ്ടെന്നും വിതരണത്തിനുള്ള മാനദണ്ഡമെന്തായിരുന്നെന്നും വ്യക്തമാക്കുമോ ; | ബി) ജി.ഓ (ആർ.ടി) നമ്പർ 649/2014/വ്യവ തീയതി 17.6.2014 പ്രകാരം അനുവദിച്ച 125 ഡീ ഫൈബറിംഗ് മില്ലുകളിൽ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, കെട്ടിടം, വൈദ്യുതി, റോഡ് സൗകര്യം എന്നിവ ഒരുക്കിയിട്ടുള്ള 35 കയർ സഹകരണ സംഘങ്ങളിൽ നിന്നും അതാത് പ്രോജക്ട് ഓഫീസുകളിൽ നിന്നും ശുപാർശയോടു കൂടി ലഭ്യമായ അപേക്ഷകളിൽ 23 എണ്ണത്തിന് കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് യന്ത്രം നൽകിയിട്ടുണ്ട്. |
| സി) ചകിരി ഉൽപ്പാദനത്തിനായി യന്ത്രം ആവശ്യപ്പെട്ട് എത്ര സഹകരണ സംഘങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട്, അതിൽ എത്ര പേർക്ക് യന്ത്രം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | സി) അപേക്ഷ നൽകിയ 35 സഹകരണ സംഘങ്ങളുടെ ലിസ്റ്റിൽ നിന്നും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ 23 സംഘങ്ങൾക്ക് യന്ത്രം നൽകിയിട്ടുണ്ട്. |

| | |
|---|---|
| ഡി) പ്രസ്തുത യന്ത്രത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തിയിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണി ആരാണ് നടത്തുന്നത്; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | ഡി) പ്രസ്തുത യന്ത്രത്തിന്റെ ഗുണമേന്മ കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയിൽ വച്ചുതന്നെ നിശ്ചിത അളവിൽ തൊണ്ട് തല്ലി ഉറപ്പാക്കുന്നു ണ്ട്. ഇതിന്റെ അറ്റകുറ്റപ്പണികൾക്ക് ജില്ലാതലത്തിൽ തെരഞ്ഞെടുത്ത വർക്ക്ഷോപ്പുകളെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതു നടപ്പാകാത്ത ജില്ലകളിൽ കമ്പനി നേരിട്ട് അറ്റകുറ്റപ്പണികൾ നടത്തിവരുന്നു ണ്ട്. യന്ത്രത്തിന് കമ്പനി ഒരു വർഷത്തെ വാറന്റിയും. ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് അതാതു കമ്പനികളുടെ ഒരു വർഷത്തെ വാറന്റിയും ഉണ്ട്. |

സെക്ഷൻ ഓഫീസർ